TUESDAY 11.07.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/07/2023.

1. സംസ്ഥാന കൃഷി വകുപ്പ് ഏറ്റവും മികച്ച ഫാം ജേർണലിസ്റ്റിന് നൽകുന്ന കർഷക ഭാരതി അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിലൂടെ കാർഷിക മേഖലക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന വ്യക്തിക്കാണ് അവാർഡ് നൽകുന്നത്. വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളു. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുകയില്ല. കർഷകഭാരതി അവാർഡ് മുന്നു വിഭാഗങ്ങളായാണ് നൽകുന്നത്. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവ മാധ്യമം കാർഷിക പത്ര പ്രവർത്തന മേഖലയിലെ നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. അപേക്ഷയും വിശദാംശങ്ങളും **www.keralaagriculture.gov.in, www.fibkerala.gov.in**'' എന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 11.07.2023.** അപേക്ഷകർ **''പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3''** എന്ന വിലാസത്തിൽ അയക്കണം. നോമിനേഷനുകളുടെ പുറത്ത് **''കർഷക ഭാരതി അവാർഡ്-2022 ഏതു വിഭാഗം''** എന്നത് പ്രത്യേകം രേഖപ്പെടുത്തണം.

2. കോഴിക്കോട് ജില്ലയിലെ കക്കോടി കൃഷി ഭവനിൽ കുറ്റ്യാടി നാടൻ ഇനം (ഡബ്ല്യു സി ടി) തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വില്പനയ്ക്കായി എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കക്കോടി കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കക്കോടി കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9656745454 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

4. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

6. കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ചുവരുന്ന പശുക്കളെയും ആടുകളെയും ഈ മാസം 11-ാം തീയതി പകൽ 11 മണിക്ക് പരസ്യ ലേലം വഴി പൊതുജനങ്ങൾക്ക് വില്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം രാവിലെ 10:30ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470302 എന്ന നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം ഇന്നും നാളെയും (ജൂലൈ 11,12 തീയതികളിൽ) നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893159 എന്ന നമ്പരിലേക്ക് whatsapp ചെയ്യുകയോ 0471-2501706 ലേക്ക് പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർകാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 19,20,21 തീയതികളിലായി കോഴിക്കോട് വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം സെക്രട്ടറി/ക്ലാർക്ക്മാർക്കായി സഹകരണ വിഷയങ്ങളിൽ പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 18.07.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495-2414579 എന്ന ' ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർചെയ്യേണ്ടതാണ് .

9. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിൽ വാണിജ്യ പുഷ്പകൃഷി, പൂന്തോട്ടപരിപാലനവും ലാൻഡ് സ്കേപിങ്ങും, വാണിജ്യാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ, ശുദ്ധജല മൽസ്യ കൃഷി, നഴ്സറി പരിപാലനവും സസ്യ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർദ്ധന മാർഗങ്ങളും എന്നീ പ്രായോഗിക പരിശീലന പരിപാടികൾ 2023 ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്നു. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 ഓഫിസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപെടുക.

10. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 18 മുതൽ 22 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കാർഷിക നിർദ്ദേശം - ജാതി**

11. മഴക്കാലത്ത് ജാതിയിൽ ഉണ്ടാകുന്ന ഇലകൊഴിച്ചിലിനെ നിയന്ത്രിക്കുന്നതിനായി 1% വീര്യമുള്ള ബോർഡോ മിശ്രിതം രണ്ടോ മൂന്നോ തവണ തളിച്ചു കൊടുക്കാവുന്നതാണ്. തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം മരുന്ന് തളിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

മൃഗസംരക്ഷണ നിർദ്ദേശം - പശുപരിപാലനം

12. മഴക്കാലത്ത് പശുക്കൾക്ക് ഇളം പുല്ല് അധികമായി നൽകി വരുന്നത് മൂലം ശരീരത്തിലെ മഗ്നീഷ്യം കുറഞ്ഞ് ഗ്രാസ് റ്റെറ്റനി എന്ന രോഗത്തിന് കാരണമാകുന്നു. പേശി വലിയൽ, തല പിറകിലോട്ട് ചരിക്കുക, വായിൽ നിന്നും നുരയും പതയും വരൽ, കൈകാലുകൾ നിലത്തടിക്കുക, ശ്വാസ തടസ്സം തുടങ്ങിയവയാണ് ഇതിന്റെ രോഗ ലക്ഷണം. രോഗം പ്രതിരോധിക്കുന്നതിനായി മഗ്നീഷ്യം ഓക്സൈഡ് മഗ്നീഷ്യം ക്ലോറൈഡ് എന്നിവ 30 - 60 ഗ്രാം വരെ ദിനം പ്രതി തീറ്റയിൽ ഉൾപ്പെടുത്തുക. ഇളം പുല്ലിൽ മഗ്നീഷ്യത്തിന്റെ അളവ് കുറവായതിനാൽ ഇതോടൊപ്പം മറ്റു പുല്ലുകളും യോജിപ്പിച്ചു നൽകുക, ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയാൽ മൈഫെക്സ് ലായനി വെറ്റിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം നൽകി പശുക്കളെ രക്ഷപ്പെടുത്താം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം